കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നതിനും പലിശ ഒടുക്കുന്നതിനും പുതിയ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(എം.എസ്)നം: 306/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 07/12/2011**

---

**പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ 10/5/11-ലെ 23688/ജെ ആർ വൈ 1/10/ സിആർഡി നമ്പർ അർദ്ധ ഔദ്യോഗിക കത്ത്**

**2 . സ.ഉ (എം.എസ്) നം.207/09/തസ്വഭവ തീയതി: 7/11/2009**

**3. സ.ഉ (സാധാ) നം. 3568/10/തസ്വഭവ തീയതി: 15/11/2010**

**ഉത്തരവ്**

**സംസ്ഥാനത്തെ ദരിദ്രരായ എല്ലാവർക്കും വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഇ.എം.എസ് ഭവന പദ്ധതി ആവിഷ്ക്കരിക്കുകയും പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്ന ഭവന പദ്ധതികളുടെ ഭാഗമായി നിർമ്മിക്കാൻ കഴിയുന്ന വീടുകൾ ആ രീതിയിൽ നിർമ്മിക്കുകയും അവശേഷിക്കുന്ന കുടുംബങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായി വീട് നിർമ്മിച്ചു നൽകുകയും ചെയ്യുക എന്നതായിരുന്നു സമീപനം. വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി മുൻഗണനാക്രമത്തിൽ സമഗ്ര ഗുണഭോക്തൃ ലിസ്റ്റ് രൂപീകരിക്കുകയും സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുംചെയ്തിട്ടുണ്ട്.**

**2. സമഗ്ര ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വേണ്ട വിഭവം എത്രയെന്ന് കണക്കാക്കിയതിനുശേഷം ലഭ്യമായ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയ്ക്ക് ഉപരിയായി വേണ്ട തുക ചില നിബന്ധനകൾക്ക് വിധേയമായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും സർക്കാർ അനുമതി നൽകുകയുണ്ടായി. 2009-10-ലെ വികസന ഫണ്ട് വിഹിതത്തിന്റെ ഒന്നര ഇരട്ടിയാണ് വായ്പയെടുക്കാവുന്ന പരമാവധി തുക. ഇപ്രകാരം കടമെടുക്കുന്ന തുക 2010-11 മുതൽ 10 വർഷങ്ങളിലായി കടമെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനം പൊതു വിഭാഗം വികസനഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കണം. തിരിച്ചടയ്ക്കേണ്ട തുക തദ്ദേശഭരണ സ്ഥാപനത്തിനുള്ള വികസന ഫണ്ട് വിഹിതത്തിൽ നിന്നും സർക്കാർ തന്നെ ഓരോ വർഷവും സ്രോതസിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുമെന്നതായിരുന്നു നിബന്ധന. പലിശ പൂർണ്ണമായും സർക്കാർ വഹിക്കുമെന്നും വ്യക്തമാക്കിയിരുന്നു.**

3. പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ മുതൽ വികസന ഫണ്ടിൽ നിന്നും സ്രോതസിൽ പിടിച്ച് സംസ്ഥാന സഹകരണ ബാങ്ക് മുഖേന ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുകയെന്ന രീതിയാണ് അവലംബിച്ചിരുന്നത്. അതുപോലെ പലിശയും സംസ്ഥാന സഹകരണ ബാങ്ക് മുഖേന നൽകുന്ന രീതിയാണ് അവലംബിച്ചിരുന്നത്. എന്നാൽ ഈ സംവിധാനത്തിൽ താഴെപ്പറയുന്ന ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) വായ്പയുടെ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൃത്യമായും ശരിയായും യഥാസമയം ലഭ്യമാക്കുന്നില്ല. അതുകൊണ്ട് തന്നെ കണക്കുകളുടെ സാധുത ഉറപ്പാക്കാൻ കഴിയുന്നില്ല.

(2) സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്ന മുതലും പലിശയും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകൾക്ക് കാലതാമസം കൂടാതെ കൈമാറുന്നുണ്ടെങ്കിലും ജില്ലാ സഹകരണ ബാങ്കുകൾ യഥാസമയം പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കൈമാറുന്നില്ല. മാത്രമല്ല സർക്കാരിന്റെ പലിശ ബാധ്യത വർദ്ധിക്കുകയും ചെയ്യുന്നു.

(3) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ എടുത്ത മറ്റ് വായ്പകളുടെ ബാധ്യതകൾ ഇ.എം.എസ് ഭവന പദ്ധതിയുടെ മുതലിലും പലിശയിലും ജില്ലാ സഹകരണ ബാങ്കുകൾ തട്ടിക്കഴിക്കുന്നു.

(4) മുതൽ തിരിച്ചടവ്, പലിശ ഒടുക്കൽ എന്നിവ കണക്കാക്കുന്നതിനുവേണ്ട വിവരങ്ങൾ സംസ്ഥാന തലത്തിൽ ഓരോ മൂന്ന് മാസവും ശേഖരിച്ച് ക്രോഡീകരിക്കുക എന്നത് വളരെ ശ്രമകരമായ ജോലിയാണ്.

4. മേൽ സാഹചര്യത്തിൽ പരാമർശം (3) – ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നതിനും പലിശ ഒടുക്കുന്നതിനും താഴെപ്പറയുന്ന പ്രകാരം പുതിയ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) മുതൽ തുക വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത് നൽകേണ്ടതില്ല. പകരം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെ ഓരോ വർഷവും ഒക്ടോബർ 31-നകം നേരിട്ട് ബന്ധപ്പെട്ട ബാങ്കിന് നൽകണം. നാളിതുവരെ മുതലിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക ഡിസംബർ മാസം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിച്ചിട്ടുള്ള വികസന ഫണ്ടിൽ നിന്നും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

(2) ഓരോ പാദത്തിലും നൽകേണ്ട പലിശ എത്രയെന്ന് കണക്കാക്കി അത് ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും മാറി ബാങ്കുകൾക്ക് അനുവദിച്ച് നൽകാൻ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു.

| തദ്ദേശഭരണ സ്ഥാപനം | ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| ബ്ലോക്ക് പഞ്ചായത്തുകൾ | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) |

| | | |
|---|---|---|
| മുനിസിപ്പാലിറ്റികളും<br>കോർപ്പറേഷനുകളും | } | നഗരകാര്യ ഡയറക്ടർ |
| ജില്ലാപഞ്ചായത്തുകൾ | | ഗ്രാമവികസന കമ്മീഷണർ |

6. ഓരോ പാദവർഷ അവസാനത്തിന് മുൻപും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ നിന്നും അതാതു പാദവർഷത്തേയ്ക്ക് അടയ്ക്കാനുള്ള പലിശയുടെ ഡിമാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങേണ്ടതും അതിന്റെ കൃത്യത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ രേഖയുമായി ഒത്തുനോക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയശേഷം പ്രസ്തുത തുക ട്രഷറിയിൽ നിന്നും പിൻവലിച്ചു നൽകുന്നതിന് മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആവശ്യപ്പെടേണ്ടതും അപ്രകാരം ലഭിക്കുന്ന തുക ധനകാര്യ സ്ഥാപനത്തിന് നിശ്ചിത തീയതിയ്ക്കകം അടയ്ക്കേണ്ടതുമാണ്. പിഴപ്പലിശ നൽകേണ്ടിവരുന്ന സാഹചര്യം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. പിഴപ്പലിശ നൽകേണ്ടി വന്നാൽ അത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

7. 2011 ഡിസംബർ 31 വരെയുള്ള പലിശ ഉടൻ തന്നെ പിൻവലിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2011 ഡിസംബർ 31 വരെയുള്ള കാലയളവിലെ പിഴപ്പലിശ സംബന്ധിച്ച തീരുമാനം സർക്കാർ പിന്നാലെ കൈക്കൊള്ളുന്നതാണ്.

8. പലിശ നൽകുന്നതിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യാനുസരണം അലോട്ട് ചെയ്തു നൽകുന്നതും അവർ വായ്പാതുകയുടെ തോതനുസരിച്ച് മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് റീ അലോട്ട് ചെയ്തു നൽകുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജയിംസ് വർഗ്ഗീസ്

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12. മുഖ്യ നഗരാസൂത്രകൻ
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

17. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
22. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28. പൊതുഭരണ (എസ്.സി) വകുപ്പ്
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരള,തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
30. അക്കൗണ്ടന്റ് ജനറൽ(എആന്റ് ഇ)കേരള,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
31. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
32. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്